## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വകുപ്പ്

71 (694) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വകുപ്പിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഓരോ നിയമസഭാ മണ്ഡലത്തിലും നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാം; ഇതിനാവശ്യമായ ഫണ്ട് സ്കൂളുകൾക്ക് നൽകിയിട്ടുണ്ടോ;

(സി) സർക്കാരിൽനിന്നും ലഭിച്ച ഫണ്ട് എത്രയെന്ന് വ്യക്തമാക്കുമോ; വിശദമായ വിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കായി നിലവിൽ സെമിനാറുകൾ, യൂത്ത് പാർലമെന്റ് കോമ്പറ്റീഷൻ, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, ഉപന്യാസം/ക്വിസ്/പ്രസംഗ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. കൂടാതെ 'ജേർണൽ ഓഫ് പാർലമെന്ററി സ്റ്റഡീസ് ', വിവിധ പുസ്തകങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചുവരുന്നു. വിദ്യാർത്ഥികളിലും യുവതലമുറയിലും പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂൾ/ കോളേജുതല സെമിനാറുകളും ജനാധിപത്യ സംവിധാനത്തെപ്പറ്റി കുട്ടികൾക്ക് പരിശീലനം ലഭിക്കുന്നതിനായി യൂത്ത് പാർലമെന്റ് മത്സരങ്ങളും സംഘടിപ്പിച്ചുവരുന്നു.

(ബി) ഇക്കഴിഞ്ഞ അദ്ധ്യയന വർഷം ഓരോ മണ്ഡലത്തിലും നടപ്പാക്കിയ പരിപാടികൾ താഴെപ്പറയുന്നവയാണ്:

(i) സ്കൂളുകളിലെ സെമിനാറുകൾ:

കൊച്ചി, അങ്കമാലി, കളമശ്ശേരി, മട്ടന്നൂർ, ഇടക്കാട്, പേരാവൂർ, കാഞ്ഞങ്ങാട്, മഞ്ചേശ്വരം, ചവറ, പത്തനാപുരം, പുനലൂർ, പൂഞ്ഞാർ,

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് നോർത്ത്, കൊടുവള്ളി, ഏലത്തൂർ, കുന്ദമംഗലം, കോട്ടയ്ക്കൽ, താനൂർ, വേങ്ങര, ഏറനാട്, പെരിന്തൽമണ്ണ, മണ്ണാർക്കാട്, തൃത്താല, കോന്നി, റാന്നി, വടക്കാഞ്ചേരി, നാട്ടിക, ചാലക്കുടി, വാമനപുരം, വട്ടിയൂർക്കാവ്, ചിറയിൻകീഴ്, നെടുമങ്ങാട്, മാനന്തവാടി, കൽപ്പറ്റ.

(ii) യൂത്ത് പാർലമെന്റ് മത്സരങ്ങൾ:

കളമശ്ശേരി, മൂവാറ്റുപുഴ, ദേവികുളം, ഇടുക്കി, ഉടുമ്പൻചോല, കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ, ഏറ്റുമാനൂർ, കടുത്തുരുത്തി, പൂഞ്ഞാർ, കോങ്ങാട്, മണ്ണാർക്കാട്, പാലക്കാട്, തൃത്താല, അടൂർ, ആറൻമുള, തിരുവല്ല, ആറ്റിങ്ങൽ, കാട്ടാക്കട, നെടുമങ്ങാട്, നെയ്യാറ്റിൻകര, തിരുവനന്തപുരം, വാമനപുരം, വട്ടിയൂർക്കാവ്, ചേലക്കര, ഇരിങ്ങാലക്കുട, കയ്പമംഗലം, കൊടുങ്ങല്ലൂർ, കുന്ദംകുളം, പുതുക്കാട്, വടക്കാഞ്ചേരി, കൽപ്പറ്റ, മാനന്തവാടി, സുൽത്താൻ ബത്തേരി

(iii) ഹ്യൂമൻ റൈറ്റ്സ് എഡ്യുക്കേഷൻ ക്ലബ്ബ്:

ആലുവ, തൊടുപുഴ, ഏറ്റുമാനൂർ, തിരൂർ, തരൂർ, തിരുവല്ല, അടൂർ, നെടുമങ്ങാട്, കഴക്കൂട്ടം, വട്ടിയൂർക്കാവ്, കൽപ്പറ്റ.

(iv) പാർലമെന്ററി ലിറ്ററസി ക്ലബ്ബ്:

അമ്പലപ്പുഴ, മൂവാറ്റുപുഴ, കൂത്തുപറമ്പ്, ചടയമംഗലം, കൊട്ടാരക്കര, ഏറ്റുമാനൂർ, പൂഞ്ഞാർ, എലത്തൂർ, പേരാമ്പ്ര, പെരിന്തൽമണ്ണ, മങ്കട, കോട്ടയ്ക്കൽ, വേങ്ങര, ആലത്തൂർ, തൃത്താല, മണ്ണാർക്കാട്, നെന്മാറ, കോന്നി, വാമനപുരം, ചിറയിൻകീഴ്, കൊടുങ്ങല്ലൂർ. ടി പ്രവർത്തനം നടത്തി ആയതിന്റെ റിപ്പോർട്ടും ചെലവ് വിവരങ്ങളും രേഖകളും ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭ്യമാക്കിയിട്ടുള്ള എല്ലാ സ്കൂളുകൾക്കും ഫണ്ട് കൈമാറിയിട്ടുണ്ട്.

(സി) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിൽ 2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാന്റ് ഇൻ-എയ്ഡായി സർക്കാരിൽനിന്നും 1,11,37,000 രൂപ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly